**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2907** **10-03-2025 - ൽ മറുപടിയ്ക്ക്**

**കല്ലട ജലസേചന പദ്ധതിയുടെ കനാൽ നീട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലൂടെ കടന്ന് പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാൽ, താമരക്കുളത്ത് നിന്നും കായംകുളം മണ്ഡലത്തിലേക്ക് നീട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എത്രമാത്രം സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിലൂടെ കടന്നു പോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാൽ, താമരക്കുളത്ത് നിന്നും കായംകുളം മണ്ഡലത്തിലേക്ക് നീട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 12.73 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കനാൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 11.5 കിലോമീറ്റർ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മൊത്തം 57 കോടി രൂപയുടെ DPR (രണ്ട് ഫേസുകളിലായി) സാമ്പത്തികാനുമതിയ്ക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ New Service Procedure അനുസരിച്ച് ശീർഷകം അനുവദിക്കുന്നതിനും പ്ലാൻ ഹെഡിൽ ആദ്യ ഘട്ടത്തിനുള്ള തുകയായ 33.5 കോടി രൂപ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ